(സി) സംസ്ഥാനത്തെ കടൽഭിത്തി നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 13-ാം ധനകാര്യ കമ്മീഷൻ വകയിരുത്തിയിരുന്ന എത്ര തുക ഇതുവരെ ചെലവഴിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇപ്പോൾ നടക്കുന്ന കടൽഭിത്തി നിർമ്മാണത്തിന് പുറമേ സംസ്ഥാനത്തെ വിവിധ തീരപ്രദേശങ്ങളിലായി എത്ര കിലോമീറ്റർ നീളത്തിൽ ഇനിയും കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ഈ വർഷം ഇതിൽ എത്ര കിലോമീറ്റർ കടൽഭിത്തിയുടെ നിർമ്മാണം തുടങ്ങാനാകുമെന്ന് കരുതുന്നത് ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലാനിക്കൽ, തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി എറിയാട് എന്നീ പഞ്ചായത്തുകൾ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ തൈക്കടപ്പുറം എന്നീ സ്ഥലങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണം നടന്നു വരുന്നു.

(ബി) മേൽ സൂചിപ്പിച്ച സ്ഥലങ്ങളിലായി ആകെ 1.095 കിലോ മീറ്റർ സ്ഥലത്ത് പുതിയ കടൽഭിത്തിയുടെ നിർമ്മാണം നടന്നു വരുന്നു.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ കടൽഭിത്തി നിർമ്മാണത്തിനായി 2010-11 കാലയളവിലേയ്ക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ഡി) ഇപ്പോൾ നടക്കുന്ന കടൽഭിത്തി നിർമ്മാണത്തിന് പുറമേ സംസ്ഥാനത്തെ തീരപ്രദേശങ്ങളിലായി ഏകദേശം 80 കിലോ മീറ്റർ കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട് എന്നാണ് കണക്കാക്കായിട്ടുള്ളത്.

(ഇ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ 2011-2013 വർഷത്തെ കർമ്മ പദ്ധതിയിൽ 6.48 കിലോ മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങാനാകും.

ഡാമിൽ നിന്നുള്ള മണൽ വിതരണം

43 (2141) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ഡാമുകളിൽ നിന്നുമാണ് ഇപ്പോൾ മണലെടുപ്പ് നടക്കുന്നത് ;

(ബി) നാളിതുവരെ എത്ര അളവ് മണൽ ഡാമുകളിൽ നിന്നും സംഭരിക്കാൻ സാധിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത മണലിന്റെ വിപണനത്തിന് രൂപീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മണൽ സംഭരണത്തിന്റെ പേരിൽ ചിലയിടത്തെങ്കിലും ഉടലെടുത്തിട്ടുള്ള കയറ്റിറക്ക് പോലുള്ള തൊഴിൽ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിച്ച് മണൽസംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പാലക്കാട് ജില്ലയിലുള്ള വാളയാർ ഡാമിൽ നിന്നാണ് മണൽ സംഭരിച്ചു വരുന്നത്.

(ബി) നാളിതുവരെ മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും കെംഡബ്ലിന്റെ നേതൃത്വത്തിൽ 3 ലക്ഷം ഘനമീറ്റർ മണൽ സംഭരിച്ചിട്ടുണ്ട്. അരുവിക്കരയിൽ നിന്നും 267.37 ഘനമീറ്റർ മണൽ ശേഖരിച്ചിട്ടുണ്ട്.

(സി) ബി.പി.എൽ./ഇ.എം.എസ്./എം.എൻ. എന്നീ ഹൗസിംഗ് പദ്ധതിയിൽപ്പെട്ടവർക്ക് ഘനമീറ്ററിന് 750 നിരക്കിലും മറ്റുള്ളവർക്ക് 990 രൂപ നിരക്കിലും ആണ് മണൽ നൽകുന്നത്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

മണൽ വാരുന്നതിന് ചെലവായ തുക

44 (2142) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഡാമുകളിൽ നിന്നും മണൽ വാരുന്നതിനായി സർക്കാരിന് എത്ര രൂപ ചെലവായി ;

(ബി) വിവിധ ഡാമുകളിൽ നിന്നായി എത്ര ടൺ മണൽ ഈ സാമ്പത്തിക വർഷം ശേഖരിച്ചു ;

(സി) മണൽ ശേഖരിച്ചു വിറ്റ വകയിൽ ഈ സാമ്പത്തിക വർഷം ലഭിച്ച ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെംഡെൽ മുഖാന്തിരം മണൽ ഖനനത്തിനായി നാളിതുവരെ 5,26,00,000 രൂപയും, ചുമട്ടു തൊഴിലാളികൾക്ക് കൂലിയിനത്തിൽ 97,00,000 രൂപയുമാണ് ചെലവാക്കിയിട്ടുള്ളത്. അരുവിക്കരയിൽ നിന്നുള്ള ഖനനത്തിന് 25,81,652 രൂപയും കലവറ നടത്തിപ്പിനായി 2,55,500 രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) നാളിതുവരെ കെംഡെല്ലിന്റെ നേതൃത്വത്തിൽ 3 ലക്ഷം ഘനമീറ്റർ മണൽ സംഭരിച്ചിട്ടുണ്ട്. അരുവിക്കരയിൽ നിന്നും 267.37 ഘനമീറ്റർ മണലും ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly